# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3772. 30.01.2014 ൽ മറുപടിയ്ക്ക്.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ മോട്ടോർ വെഹിക്കിൾ കോംപ്ലക്സ്

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മോട്ടോർ വെഹിക്കിൾ കോംപ്ലക്സ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ ; | (ബി) | കാസർഗോഡ് ജില്ലയിൽ മോട്ടോർ വാഹന വകുപ്പിന് കീഴിൽ മോട്ടോർവെഹിക്കിൾ കോംപ്ലക്സ് നിർമ്മിക്കുന്നതിനായുള്ള ഒരു നിർദ്ദേശം ഗതാഗത കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിക്കുകയും, ടി കോംപ്ലക്സ് നിർമ്മിക്കാനാവശ്യമായ ഭൂമിയുടേയും ആയതിന്റെ സാമ്പത്തിക ബാധ്യതയെ സംബന്ധിച്ചുള്ള വിവരങ്ങളും സമർപ്പിക്കുവാൻ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ പുതുക്കൈ വില്ലേജിൽ 44/2, 47,49 സർവ്വെ നമ്പരിൽപ്പെട്ട 10 ഏക്കർ സ്ഥലം അനുവദിച്ചു കിട്ടുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നത് ജില്ലാകളക്ടർ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് അയച്ചുകൊടുക്കുകയും, അതിന്മേലുള്ള തുടർ നടപടികൾ നടന്നു വരികയാണെന്നും, ഇപ്പോൾ സ്ഥലത്തിന്റെ പ്ലാൻ തയ്യാറാക്കുന്നതിനായി താലൂക്ക് സർവ്വെയറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നു-മുള്ള വസ്തുതകൾ ഗതാഗത കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (സി) മോട്ടോർ വെഹിക്കിൾ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ? | (സി) | സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് മോട്ടോർ വെഹിക്കിൾ കോംപ്ലക്സ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.